കമ്പനികളുടെമേൽ എന്തെങ്കിലും നടപടിഎടുത്തിട്ടുണ്ടോഎന്നും അതിനെപ്പറ്റി ഒരു ലഘു സ്റ്റേഷൻ വരുന്നുണ്ട്. ആ ബിൽ ഇവിടെ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർക്ക് അഭിപ്രായം പറയാം.

മിസ്റ്റർ പി. കെ. ഡീവർ: In-come tax office കാർ ഈ കമ്പനികളുടെ Profit and loss എങ്ങിനെ കണ്ടുപിടിക്കും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ അവർക്കതിന്നു് നിയമമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ ശരിയായ കണക്കു കിട്ടാനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാൻ സാധിക്കയില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനൊക്കെ ഇൻകംടാക്സ് നിയമത്തിൽ വ്യവസ്ഥകളുണ്ടു്. അതെന്തൊക്കെയാണെന്നു് ഇപ്പോൾ ഓർമ്മയില്ല.

FOOT PATH BRIDGE AT NARAKKAL—CONDITION OF

121. (70) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) whether the Government are aware that the two bridges on the foot-path leading from the Narakkal "Jai Hind" Maidan to the sea shore are in a very bad condition;

(*b*) whether the Hon'ble Prime Minister himself visited these bridges at the time of his inspection of the Narakkal Fish Pond?

Mr. P. Govinda Menon (*Minister for Finance and Law*):

(*a*) The bridges require improvement.

(*b*) The Prime Minister saw some damaged bridges in that locality.

മിസ്റ്റർ എം. ഐ. പോൾ: പാലം നന്നാക്കാൻ എന്തെങ്കിലും നടപടി ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നടപടി ആലോചനയിലുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോട്ടുപ്പിൽ: ഇമ്പ്രൂവുമെൻറു് വേണമെന്നു കണ്ടാൽ ഗവണ്മെണ്ടിന്നു് അപ്പോൾ അതിൽ സത്വര നടപടി എടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാലം കേടുവന്നിട്ടുണ്ടെന്നറിഞ്ഞു. എന്നാൽ ഇപ്പോൾ അതിനേക്കാൾ കൂടുതൽ കേടുള്ള കാര്യങ്ങൾ ആലോചിക്കുകയാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ വഴി കൂടാതെ കടൽത്തീരത്തേക്കു പോകുവാൻ വേറെ വല്ല മാർഗ്ഗവുമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ സംഗതി കണ്ട സമയത്തു് ഏതാണ്ടു് ബഡ്ഡറു് തയ്യാറായിക്കഴിഞ്ഞു. പിന്നെ പുതിയതായി ഇതിനു് സംഖ്യകൊള്ളിക്കാൻ സാധ്യമായില്ല. ഇക്കാര്യം പിന്നീടാലോചിച്ചു ചെയ്യാം. സംഖ്യ വേറെ വല്ല ഇനത്തിൽനിന്നും കിട്ടുന്നപക്ഷം ചെയ്യാമെന്നല്ലാതെ ഇപ്പോൾതന്നെ നടത്താൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എ. അച്യുതൻ: തൽക്കാലം നടന്നുപോകാനുള്ള വല്ല സൌകര്യവും ചെയ്യാൽ കൊള്ളാം.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ റോഡു് പഞ്ചായത്തിന്റെ കീഴിലാണു്. പഞ്ചായത്തിൽനിന്നു ശ്രദ്ധിച്ചാൽ ഈ പണി ചെയ്യാവുന്നതുമാണു്. അതല്ല ഗവണ്മെണ്ടുതന്നെ ചെയ്യണമെന്നു പറയുകയാണെങ്കിൽ വേണ്ടതു് ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: കടൽത്തീരത്തേക്കു് പോകുന്ന ആളുകൾക്കു് ഈ പാലം കേടുവന്നതുകൊണ്ടു് വളരെ ബുദ്ധിമുട്ടു് നേരിടുന്നില്ലെ?

മിസ്റ്റർ ഇ ഇക്കണ്ടവാരിയർ: ഉണ്ടു്. രാത്രി 12 മണിമുതൽതന്നെ ആളുകൾ സഞ്ചരിച്ചു തുടങ്ങുന്നതായി അറിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടുകഴിഞ്ഞിട്ടുണ്ടു്.

INCREASED PRICE FOR FUEL—ORDERS REGARDING

122. (140) **Mr. P. K. Krishnankutty Menon** *(Vellarappilli)*: Will Government be pleased to state.—

(*a*) the date on which they have passed orders staying the levy of increased price for fuel supplied from the Forest Department,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Krishnankutty Menon]

(*b*) the Officer to whom the said order was communicated by Government, and the date on which the Officer concerned received the said order;

(*c*) the date on which the order of the Government was given effect to so far as the consumers were concerned;

(*d*) who was the Officer responsible for the delay, if any, in giving effect to the Government order.?

Mr. P. Govinda Menon *(Minister for Finance and Law):*

(*a*) 9th November 1948.

(*b*) The Conservator of Forest, 9th November, 1948.

(*c*) From 10th November 1948 onwards.

(*d*) There was no delay in giving effect to the order.

മിസ്റ്റർ ടി. പി. സീതാരാമൻ: വില കൂട്ടിയതു് എന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിലകുറച്ചതിനു രണ്ടുമാസം മുമ്പു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: വില കൂട്ടാനുള്ള കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഗവമ്മെണ്ടിനു നഷ്ടംവരാതിരിക്കാനാണു്.

മിസ്റ്റർ ടി. പി. സീതാരാമൻ: രണ്ടു് മാസം എന്നു പറഞ്ഞല്ലോ, വില കൂടിയതു് തിരഞ്ഞെടുപ്പു് കഴിഞ്ഞിട്ടാണോ, അതോ അതിനു് മുമ്പാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തിയ്യതി അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോഴത്തെ ഗവമ്മെണ്ടോ, അതോ മുമ്പിലത്തെ ഗവമ്മെണ്ടോ—മിസ്റ്റർ ഇയ്യുവിന്റെ ഭാഷയിൽ പറഞ്ഞാൽ അന്തഃപ്പാനംചെയ്ത ഗവമ്മെണ്ടോ—വിലകൂട്ടിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടാണു് വിലകൂട്ടിയതു്.

മിസ്റ്റർ ടി. പി. സീതാരാമൻ: ആദ്യത്തെ വിലയെന്തായിരുന്നു? ഇപ്പോഴത്തെ വിലയെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദ്യത്തെ വിലയിൽ നിന്നു് ൨൫ ശതമാനം കൂട്ടിയിരുന്നു. അതിപ്പോൾ കുറച്ചു.

മിസ്റ്റർ എ. കെ. ജോഷ്വാ: വിലകുറക്കാനുള്ള കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ജനങ്ങളിൽനിന്നു് ആവലാതി കിട്ടിയതുകൊണ്ടു്.

മിസ്റ്റർ ടി. പി. സീതാരാമൻ: കുറക്കാനുള്ള ആവലാതി ഇപ്പോഴത്തെ ഗവമ്മെണ്ടിനോ അതോ ഇതിനു് മുമ്പിലത്തെ ഗവമ്മെണ്ടിനോ കിട്ടിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആവലാതി ഗവമ്മെണ്ടിലേക്കാണു് കിട്ടിയതു്.

മിസ്റ്റർ മുഹമ്മദ് അയൂബ് സേട്ട്: ആവലാതി വന്നതു് ഗവമ്മെണ്ടു ഭാഗത്തുനിന്നോ ജനങ്ങളുടെ ഭാഗത്തുനിന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ജനങ്ങളുടെ ഭാഗത്തുനിന്നു്.

2. ANNOUNCEMENT BY THE PRESIDENT REGARDING CERTAIN CHANGES IN THE CONSTITUTION OF THE ADVISORY COMMITTEE

Mr. President: Questions over. Now I have to announce that instructions have been received from the Government that they intend making certain changes in the constitution of the four Advisory Committees, the elections for which were announced to take place tomorrow and since the Government intend to introduce certain changes in the constitution of these Committees the election has to be postponed and future date of the election will be announced later. Now we shall take up the voting of demands for grants.

3. VOTING OF DEMANDS FOR GRANTS

(i) 42—Miscellaneous

Mr. E. Ikkanda Warriar *(Prime Minister):* Sir, I move for a grant of Rs. 55,64,026 under Demand No. 42—Miscellaneous. I crave the indulgence of this House to speak a few words in moving this motion. In spite of the fact that the department administering controls in Cochin is one of the best managed in India, we hear all kinds of criticisms about this Department. We have heard much about this Department during the general discussion on the Budget and some cutmotions also have been moved in this connection which gives an indication as to what is working in the minds of the Members of this House. I therefore think it

LIBRARY ARCHIVES Kerala Legislative Assembly